# Kerala Rural Employment & Welfare Society

(Govt. of Kerala Undertaking)
Public Office Building (Annex), Ground Floor,
Vikas Bhavan P.O,Thiruvananthapuram-695033
Phone No: 0471- 2961064
E-mail :mdkrewstvpm@gmail.com, Website : https://krews.lsgkerala.gov.in
GSTIN:32AAATK5570B2Z2


നം.എ/416/2024 തീയതി: 03-07-2024

## ലേലം / ക്വട്ടേഷൻ നോട്ടീസ്

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി വക തിരുവനന്തപുരം ജില്ലയിൽ കല്ലിയൂരിൽ ഗ്രാമലക്ഷ്മി മുദ്രാലയം കോമ്പൗണ്ടിൽ ഉള്ള നമ്പർ അടയാളപ്പെടുത്തിയ 90 റബ്ബർ മരങ്ങളും 15 തെങ്ങുകളിലും നിന്നും ആദായം എടുക്കുന്നതിനുള്ള അവകാശത്തിനുവേണ്ടി ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം 1,000/- രൂപയുടെ പണം അടച്ച് രസീത് /ഡി.ഡി. ആയി വയ്ക്കേണ്ടതാണ്. ക്വട്ടേഷനുകൾ 17-07-2024 തീയതി രാവിലെ 11.00 മണി വരെ കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയം / ക്രൂസ് ആഫീസിൽ സ്വീകരിക്കുന്നതാണ്. മേൽപ്പറഞ്ഞ ഇനങ്ങളുടെ ആദായം എടുക്കുന്നതിനുള്ള അവകാശത്തിനായി ഉള്ള പരസ്യ ലേലം ഉച്ചയ്ക്ക് 12.00 മണിക്ക് കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ വച്ച് നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 1,000/- രൂപ നിരതദ്രവ്യം ലേലം ആരംഭിക്കുന്നതിന് മുൻപ് പണമായി കെട്ടി വയ്ക്കേണ്ടതാണ്. ലേലത്തിന് ശേഷം ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ലേലത്തിലോ ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക ഓഫർ ചെയ്യുന്നത് പ്രസ്തുത ആൾക്ക് ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. സ്ഥിരപ്പെടുത്താത്തവർക്ക് അവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ തിരിച്ചു കൊടുക്കുന്നതാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടിയാൽ മൊത്തം തുകയുടെ 25% അപ്പോൾ തന്നെ കെട്ടി വയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനുള്ളിൽ മുഴുവനായും അടയ്ക്കേണ്ടതു മാണ്. മുഴുവൻ തുകയും അടച്ച് കഴിഞ്ഞ്, അനുവാദ ഉത്തരവ് ലഭിച്ചു കഴിഞ്ഞാൽ മരങ്ങൾ/തെങ്ങുകൾ എന്നിവയിൽ നിന്നും ഒരു വർഷത്തേക്ക് ആദായം എടുക്കാവുന്നതാണ്. വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘനം ഉണ്ടായാൽ കരാറു കാരൻ അടച്ച തുക മുഴുവനും സൊസൈറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും അനുവാദ ഉത്തരവ് റദ്ദ് ചെയ്യുന്നതുമാണ്. ലേലം / ക്വട്ടേഷൻ എന്നിവ നീട്ടി വയ്ക്കുന്നതിനോ, ഒന്നിച്ചോ മൊത്തമായോ നിരാകരിക്കുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ആളിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. കൂടുതൽ വിവര ങ്ങൾ പ്രവർത്തി ദിവസങ്ങളിൽ സൊസൈറ്റി ആഫീസിൽ നിന്നും അറിയാവുന്ന താണ്.

പി.ജി. പ്രകാശ്,
(ജോയിന്റ് ഡയറക്ടർ, LSGD)
സെക്രട്ടറി

### നോട്ടീസ് ബോർഡ്

LSGD ഡയറക്ടർ ആഫീസ്, തിരുവനന്തപുരം / ക്രൂസ് ആഫീസ്
LSGD ഡെപ്യൂട്ടി ഡയറക്ടർ ആഫീസ്, തിരുവനന്തപുരം
കല്ലിയൂർ/പള്ളിച്ചൽ /ബാലരാമപുരം/വിഴിഞ്ഞം/വെങ്ങാന്നൂർ/കോട്ടുകാൽ ഗ്രാമപഞ്ചായത്തുകൾ
കല്ലിയൂർ / കോട്ടുകാൽ / അതിയന്നൂർ വില്ലേജ് ആഫീസുകൾ
പത്രപരസ്യത്തിന് വെബ്സൈറ്റ് : https://krews.lsgkerala.gov.in